**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4511** **19-07-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ഹാജിയാർ പള്ളിയിലെ വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം മണ്ഡലത്തിലെ വനം വകുപ്പിന്റെ അധീനതയിലുള്ള ഹാജിയാർ പള്ളിയിലെ ഒരു ഹെക്ടർ ഭൂമിയിൽ സാമൂഹ്യവനവൽക്കരണ വിഭാഗം ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ; ഇത് സംബന്ധിച്ച് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോ; | (എ) | മലപ്പുറം മണ്ഡലത്തിലെ വനം വകുപ്പിന്റെ അധീനതയിലുള്ള ഹാജിയാർ പള്ളിയിലെ ഒരു ഹെക്ടർ ഭൂമിയിൽ വിവധ തരം മുളകൾ വച്ച് പിടിപ്പിച്ച് ബാംബൂ സെറ്റം നിർമ്മിക്കാനാവശ്യമായ മുളതൈകൾ ലഭിക്കുന്നതിനായി കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് കത്ത് നൽകിയിട്ടുണ്ട്. ഈ സ്ഥലത്ത് ബോട്ടാണിക്കൽ ഗാർഡനും, പ്രകൃതി സംരക്ഷണ അവബോധം സൃഷ്ടിക്കാനായി ക്ലാസ്സുകളും സെമിനാറുകളും നടത്താൻ ആവശ്യമായ കെട്ടിടങ്ങളും, ഒരു ഇക്കോ ഷോപ്പും തുടങ്ങാനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയട്ടുണ്ട്. |
| (ബി) | പ്രസ്തുത സൈറ്റിൽ ബട്ടർ ഫ്ലൈ പാർക്ക്, ബാംബൂ സെറ്റം, ഇക്കോ പാർക്ക് എന്നിവ ആരംഭിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ബട്ടർഫ്ലൈ പാർക്ക് ആരംഭിക്കുന്നതിനായി പ്രസ്തുത സ്ഥലത്ത് പൂമ്പാറ്റകളുടെ ആതിഥേയ സസ്യങ്ങൾ വച്ച് പിടിപ്പിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ സഹായത്തോടെ കൂടുതൽ പൂമ്പാറ്റകളുടെ ആതിഥേയ സസ്യങ്ങൾ വച്ച് പിടിപ്പിക്കുന്ന ഒരു ക്യാമ്പ് ഈ മാസം വിഭാവനം ചെയ്ത് വരുന്നു. ബാംബൂ സെറ്റം നിർമ്മിക്കാനാവശ്യമായ മുളതൈകൾ ലഭിക്കുന്നതിനായി കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് കത്ത് നൽകിയിട്ടുണ്ട്. ഇക്കോ പാർക്ക് നിർമ്മിക്കാനാവശ്യമായ പ്ലാൻ, എസ്റ്റിമേറ്റുകൾ എന്നിവ തയ്യാറാക്കി വരുന്നു. |
| (സി) | പദ്ധതികൾ അടിയന്തരമായി യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ബട്ടർഫ്ലൈ പാർക്ക് ആരംഭിക്കുന്നതിനായി പ്രസ്തുത സ്ഥലത്ത് പൂമ്പാറ്റകളുടെ ആതിഥേയ സസ്യങ്ങൾ വച്ച് പിടിപ്പിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ സഹായത്തോടെ കൂടുതൽ പൂമ്പാറ്റകളുടെ ആതിഥേയ സസ്യങ്ങൾ വച്ച് പിടിപ്പിക്കുന്ന ഒരു ക്യാമ്പ് ഈ മാസം വിഭാവനം ചെയ്ത് വരുന്നു. ബാംബൂ സെറ്റം നിർമ്മിക്കാനാവശ്യമായ മുളതൈകൾ ലഭിക്കുന്നതിനായി കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് കത്ത് നൽകിയിട്ടുണ്ട്. ഇക്കോ |

| | | | |
|---|---|---|---|
| | | | പാർക്ക് നിർമ്മിക്കാനാവശ്യമായ പ്ലാൻ, എസ്റ്റിമേറ്റുകൾ എന്നിവ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ